**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1578** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിലെ കൃഷിഭവനുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ; ഇവിടുത്തെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുന്നതിന് എന്തെല്ലാം പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ ഇരിക്കൂർ നിയോജക മണ്ഡലത്തിൽ നിന്നും ഉളിക്കൽ കൃഷിഭവനെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സർക്കാരിൽ ശുപാർശ ലഭ്യമായിട്ടുണ്ട്.<br><br>സംസ്ഥാനത്തെ മുഴുവൻ കൃഷി ഭവനുകളെയും സ്മാർട്ട് കൃഷി ഭവനുകളാക്കി മാറ്റുക എന്നതാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. വർഷാവർഷം ഫണ്ട് ലഭ്യതയുടെ കൂടി അടിസ്ഥാനത്തിലാണ് സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിനുള്ള കൃഷി ഭവനുകളുടെ പട്ടിക തയ്യാറാക്കപ്പെടുന്നത്. നടപ്പ് സാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളും ഫണ്ട് ലഭ്യതയ്ക്കനുസൃതമായി ഘട്ടം ഘട്ടമായി സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ